LIBRARY ARCHIVES Kerala Legislative Assembly

നെടുമങ്ങാട് താലൂക്കിലെ വിനോദസഞ്ചാര വികസനം

85 [1982] ശ്രീ. എം. എ. വാഹിദ് :

,, വി. ഡി. സതീശൻ :

ശ്രീമതി രാധാരാഘവൻ :

ശ്രീ. വി. ജെ. പൗലോസ് :

,, കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ ഏതെങ്കിലും ടൂറിസ്റ്റ് കേന്ദ്രങ്ങളുണ്ടോ ;

(ബി) പ്രകൃതി സൗന്ദര്യംകൊണ്ട് വശ്യമായ സൂര്യത്തോൽ, വായുവന്തോൽ വെള്ളച്ചാട്ടങ്ങളും, സൂര്യകാന്തി മലമടക്കുകൾ, കരടി ഗുഹ മുതലായവയും ഉൾക്കൊള്ളുന്ന പ്രദേശത്തിന്റെ വിനോദസഞ്ചാര സാദ്ധ്യതയെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) പ്രത്യേക വികസനം കൂടാതെതന്നെ അഡ്വഞ്ചർ ടൂറിസത്തിനും ഇക്കോ ടൂറിസത്തിനും അനന്തസാദ്ധ്യതയുള്ള പ്രസ്തുത പ്രദേശം ടൂറിസ്റ്റ് കേന്ദ്രമാക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പൊന്മുടി നെടുമങ്ങാട് താലൂക്കിലാണ്.

(ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

കോഴിക്കോട് ജില്ലയിലെ എച്ച്.ആർ.ആൻഡ് സി.ഇ.യിൽനിന്നുള്ള സാമ്പത്തിക സഹായം

86 [1983] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യത്തിന് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കുളത്തൂർ, നന്മണ്ട, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട് എന്നീ പഞ്ചായത്തുകളിൽ ക്ഷേത്രങ്ങൾക്ക് ഓരോന്നിനും 2003-2004, 2004-2005 എന്നീ സാമ്പത്തിക വർഷങ്ങളിൽ എച്ച്.ആർ.ആൻഡ് സി.ഇ.യിൽ നിന്ന് നൽകിയിട്ടുള്ള സാമ്പത്തിക സഹായം എത്ര വീതമാണ് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിലെ ശ്രീ വള്ളിയാട്ടുകാവ് ക്ഷേത്രത്തിന് 2003 വർഷത്തേക്ക് 23,623 രൂപയും അത്തോളി പഞ്ചായത്തിലെ ശ്രീ മൊടക്കല്ലൂർ ദുർഗ്ഗാ ക്ഷേത്രത്തിന് 3,420 രൂപയും ജീവനക്കാർക്ക് ശമ്പള കുടിശ്ശിക നൽകുന്നതിനായി മാനേജ്മെന്റ് ഫണ്ടിൽനിന്നും സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്.